കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.22/2959/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി:19-01-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്.

എം.എ.2/19

നം. കെ.എസ്.എ.എം.പി.എം.22/2959/2018 തിയ്യതി: 19-01-2019

# മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.07.2017 മുതൽ 07.07.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :10.12.2018 മുതൽ 20.12.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. അബ്ദുൾ ഗഫൂർ സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മൂസ്സ ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ ജയറാം പി കെ | 01.04.2017 മുതൽ 31.03.2018വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. സിജു പി | 01.04.2017 മുതൽ 18.07.2017 വരെ |
| | ശ്രീമതി ജയ ബി (സെക്രട്ടറി ഇൻ ചാർജ്ജ്) | 19.07.2017 മുതൽ 06.08.2017 വരെ |
| | ശ്രീ ശ്രീകാന്ത് പി എസ് | 07.08.2017 മുതൽ 21.11.2017 വരെ |
| | ശ്രീ. രാജേഷ് ആർ (സെക്രട്ടറി ഇൻ ചാർജ്ജ്) | 22.11.2017 മുതൽ 24.01.2018 വരെ |
| | ശ്രീ. അബു ഫൈസൽ.കെ | 25.01.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ജയ ബി | 01.04.2017 മുതൽ 06.08.2017 വരെ |
| | നിലവിലില്ല | 07.08.2017 മുതൽ 16.08.2017 വരെ |
| | ശ്രീ. രാജേഷ് ആർ | 17.08.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. മുജീബ് റഹ്മാൻ.പി.എം. | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രാജു പി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി വിജയശ്രീ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. മുജീബ് റഹ്മാൻ.കെ.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ, | ശ്രീമതി നസീമ.കെ | 01.04.2018 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഭാമിനി | 01.04.2017 മുതൽ 05.09.2017 വരെ |
| | ശ്രീമതി. ശൈലജ.എൻ. | 06.09.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ബേബി ഗിരിജ.പി.സി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ഷബാന ഷാംസ് (പി.എച്ച്.സി) | 01.04.2017 മുതൽ 31.12.2017 വരെ |
| | ഡോ. ഷിഹാബുദ്ദീൻ.വി (പി.എച്ച്.സി) | 01.01.2018 മുതൽ 31.03.2018വരെ |
| | ഡോ.സീമ.പി. (ഹോമിയോ) | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 13 | ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | 2-1 |
| 14 | രശീതികൾ അശ്രദ്ധമായി ഉപയോഗിക്കുന്നു | 2-2 |
| 15 | ഡി ആന്റ് ഒ ലൈസൻസ് - പൊതു അപാകതകൾ | 2-3 |
| 16 | തൊഴിൽ നികുതി പൊതു അപാകതകൾ | 2-4 |
| 17 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ - ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 2-5 |
| 18 | വസ്തു നികുതി നിർണ്ണയിച്ചതിൻ കുറവ് | 2-6 |
| | ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 19 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്-നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണം | 3-1 |
| 20 | അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ | 3-2 |

| | | |
|---|---|---|
| | അപാകതകൾ | |
| 21 | നികുതികൾ ഈടാക്കിയതിൽ കുറവ് | 3-3 |
| 22 | പാലിന് സബ്സിഡി നൽകിയത് - അപാകതകൾ | 3-4 |
| 23 | നിർവ്വഹണോദ്യോഗസ്ഥരുടെ കണ്ടിജൻസി ചെലവുകൾ രേഖകൾ ഹാജരാക്കിയില്ല. | 3-5 |
| 24 | ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല | 3-6 |
| 25 | ലോഗ്ബുക്ക് പരിശോധന-അപാകതകൾ-സംബന്ധിച്ച് | 3-7 |
| 26 | പേ-റിവിഷൻ അറിയർ- കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-8 |
| 27 | ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ | 3-9 |
| 28 | അജൈവമാലിന്യ സംഭരണവും സംസ്കരണവും ഫലപ്രദമാക്കൽ | 3-10 |
| 29 | പ്രോജക്ട് അടങ്കലിൽ കൂടുതൽ തുക ചെലവഴിച്ചു | 3-11 |
| 30 | പരിരക്ഷ പദ്ധതി മരുന്ന് മുഴുവൻ ലഭ്യമായില്ല | 3-12 |
| 31 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - ഗ്രാമ പഞ്ചായത്തിന് വൻ തുകയുടെ ലാഭം | 3-13 |
| 32 | മുൻകൂർ നൽകിയത് - ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-14 |
| 33 | MGNREGS പ്രവൃത്തികൾ - അപാകതകൾ | 3-15 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് , ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18ലെ ബജറ്റ് പാസാക്കിയ തീരുമാനനമ്പർ, തിയതി | പതുക്കിയ ബജറ്റ് തീരുമാനനമ്പർ, തിയതി |
|---|---|
| PR No. 1(1) dated 29.03.2017 | PR No. PP/9/01/51/2018 dated 28.03.2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച ലഭിച്ച തിയതി |
|---|---|---|---|---|
| 2017-18 | 31.07.2018 | 11.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷിക ധനകാര്യപത്രിക പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 23.06.2018 വരെ | കെ.എസ്.എ എം.പി.എം22/1940/2018 തിയതി 31.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 2,05,09,698 |
| വരവ് | 5,87,95,537 |
| ആകെ | 7,93,05,235 |
| ചെലവ് | 6,73,93,422 |
| നീക്കിയിരിപ്പ് | 1,19,11,813 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14296000 | 14296000 | 13539494 | 756506 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3521848 | 3521848 | 3521848 | 00 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5264000 | 5264000 | 5263893 | 107 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3178000 | 3178000 | 3009569 | 16841 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6714388 | 6714388 | 6714388 | 0 |
| കെ എൽ എസ് ജി ഡി പി സ്റ്റേറ്റ് | 0 | 891086 | 891086 | 862829 | 28257 |
| കെ എൽ എസ് ജി ഡി പി സെൻട്രൽ | 0 | 963637 | 963637 | 963637 | 0 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 5733 | 62400 | 68133 | 62400 | 5733 |
| എം എൻ ആർ ഇ ജി എസ് | 26554 | 12637871 | 12664425 | 12654593 | 9832 |
| ട്രഷറി ടി എസ് ബി ജോയിന്റ് വെഞ്ചർ | 301000 | 1844525 | 2145525 | 3000595 | -855070 |
| എസ് എസ് എ | 930352 | 34654 | 965006 | 0 | 965006 |
| ബി ഫണ്ട് | 0 | 42038220 | 42038220 | 42038220 | 0 |
| തനതു ഫണ്ട്-ബാങ്ക് അക്കൗണ്ട് | 8569002 | 12656404 | 21225406 | 13084375 | 8141031 |
| തനതു ഫണ്ട്- ട്രഷറി അക്കൗണ്ട് | 9073356 | 11222611 | 20295967 | 18437138 | 1858829 |
| എസ് ബി ടി (എസ് ബി) | 624958 | 90630 | 715588 | 0 | 715588 |
| എസ് ബി ടി (ഇ പേയ്മെന്റ്) | 6173 | 64806 | 70979 | 1512 | 69467 |
| രാമപുരം( കോ-ഓപ്പ ബാങ്ക്) | 346 | 0 | 346 | 0 | 346 |
| എസ് എം ജി ബി പ്ലാൻ | 454952 | 18421 | 473373 | 0 | 473373 |
| എസ് എം ജി ബി സാനിറ്റേഷൻ | 183468 | 0 | 183468 | 0 | 183468 |
| എസ് എം ജി ബി ആയുർദളം | 18352 | 673 | 19025 | 0 | 19025 |
| എസ് എം ജി ബി കുടുംബശ്രീ | 130113 | 5268 | 135381 | 0 | 135381 |
| എസ് എം ജി ബി ഒ എ പി | 41722 | 0 | 41722 | 0 | 41722 |

(Note:-രാമപുരം( കോ-ഓപ്പ ബാങ്ക്), എസ് എം ജി ബി (സാനിറ്റേഷൻ), എസ് എം ജി ബി (ആയുർദളം), എസ് എം ജി ബി(ഒ എ പി) എന്നീ അക്കൗണ്ടുകൾ അപ് ഡേറ്റ് ചെയ്തിട്ടില്ല.)

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ % |
|---|---|---|---|---|---|---|
| 220 | 60181118 | 162 | 39212596 | 5 | 53 | 73.63 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 26554 | 812761 | 839315 | 829483 | 9832 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 11825110 | 11825110 | 11825110 | -- |

## 1-8 സാമൂഹ്യ ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 25320 | 42 |
| കർഷകതൊഴിലാളിപെൻഷൻ | 4197300 | 1444 |
| വിധവാപെൻഷൻ | 14231800 | 4811 |
| വാർദ്ധക്യകാലപെൻഷൻ | 17526400 | 5503 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 4840100 | 1602 |
| വിവാഹധനസഹായം | 2,70,000 | 9 |
| 50 വയസിന് മുകളിലുള്ള അവിവാഹിതപെൻഷൻ | 920300 | 304 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018 ന് (10.30 am) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 64497/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ഡേ ബുക്ക് പ്രകാരം ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214ൽ വ്യക്തമാക്കിയ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടേതാണ്.
4.ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാര്യക്ഷമമായ മേൽനോട്ടം വഹിക്കേണ്ടതാണ്.
5) സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ മാസാന്ത്യ റീ കൺസിലിയേഷൻ നടത്തുന്നതിൽ കാര്യക്ഷമത വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോൻസ് ഓഡിറ്റ് | 11.10.2018 മുതൽ 15.10.2018വരെ | 2018 സപ്റ്റംബർ | 15.10.2018 |
| എ.ജി ഓഡിറ്റ് | ഫയൽ ലഭ്യമാക്കിയില്ല | | |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ
(1)തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല .
(2)ആസ്തികൾക്ക് ഇൻകം എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
(3)2016-17 വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് സമർപ്പിച്ചിട്ടില്ല.
(4)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ലെ ചട്ടം(62) പ്രകാരമുള്ള അനുപാതങ്ങൾ (റേഷ്യോസ്) പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകൾക്കൊപ്പം ചേർത്തിട്ടില്ല.
ഓഡിറ്റ് സർട്ടിഫിക്കേഷനിൽ ചൂണ്ടിക്കാണിച്ച അപാകതകൾക്ക് പുറമേ ഓഡിറ്റ് സമയത്ത് കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾ കൂടി പരിഹരിക്കേണ്ടതാണ്
1.വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താത്ത സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 300000/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.
2.വാർഷിക കണക്ക പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവു വന്ന തുക32271/- രൂപ ഏതു റിപ്പോർട്ടു പ്രകാരമുള്ള റിക്കവറിയാണെന്നത് വ്യക്തമല്ല.
3. താഴെ പറയുന്ന അക്കൗണ്ടുകൾ കാലികമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | ബാലൻസ് തുക | അവസാനം കാലികമാക്കിയ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | രാമപുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2033 | 346 | 01.10.2016 |
| 2 | എസ് എം ജി ബി (ഒ എ പി) | 40245110100013 | 41722 | 20.10.2016 |
| 3 | എസ് എം ജി ബി (ആയുർദളം) | 616 | 0 (എന്നാൽ വാർഷിക കണക്ക പ്രകാരം 19025/-(27.12.2017ലെ) രൂപയാണ് നീക്കിബാക്കിയായി കാണിച്ചിട്ടുള്ളത്.) | 28.12.2017 |
| 4 | എസ് എം ജി ബി (സാനിറ്റേഷൻ) | 40245110100023 | 1,83,468 | 27.09.201 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

ഓഡിറ്റ് വർഷം ഇ – ടെണ്ടർ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ക്ഷണിച്ചിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജില്ലാ പഞ്ചായത്തിലുള്ള അക്കൗണ്ടിലാണ് ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോം വില കരാറുകാർ അടവാക്കുന്നത്. ഈ തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുന്നതിന് ഗ്രാമ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട വരുമാനം നഷ്ടമാവുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

2.10.2017 ലെ സ.ഉ (സാധാ) നമ്പർ 3186/17 നമ്പർ ഉത്തരവ് പ്രകാരം ഈ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുള്ളതാണ്. ഭാവിയിൽ ഗ്രാമ പഞ്ചായത്തിലെ ഈ ടെണ്ടർ മുഖേനയുള്ള പ്രൊജക്ടുകളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ മാത്രം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇ – ടെണ്ടർ മുഖേന നടപ്പിലാക്കിയ ഏതാനും പ്രൊജക്ടുകളും അവയുടെ ടെണ്ടർ ഫോം വിലയും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അടങ്കൽ | ലഭ്യമായ ടെണ്ടറുകൾ | ടെണ്ടർഫോം വില | ആകെ |
|---|---|---|---|---|
| കുറുങ്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (58/18) | 650000 | 4 | 1300 | 5200 |
| പുളിയകത്ത് ഹെൽത്ത് സെന്റർ റോഡ് സൈഡ് കെട്ടൽ (183/18) | 500000 | 4 | 1000 | 4000 |
| ആകെ | | | | 9200 |

ഓഡിറ്റ് എൻക്വയറി 6/ 18.12.2018 നൽകിയതിന് തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

### 2-2 രശീതികൾ അശ്രദ്ധമായി ഉപയോഗിക്കുന്നു

2017-18 വർഷത്തിലെ ഓഡിറ്റിനോടനുബന്ധിച്ച് രശീതികൾ, പണം പിരിവ്, അടവ്, എന്നിവ പരിശോധിച്ചതിൽ

കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ക്യാൻസൽ ചെയ്ത രശീതികളുടെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചില്ല

വെറ്ററിനറി സർജൻ കാലിത്തീറ്റ സബ്സിഡിക്ക് ഗുണഭോക്തൃവിഹിതം(@ 1025/ രൂപ) പിരിച്ചെടുക്കുന്നതിനായി ഉപയോഗിച്ച 16604/86, 16605/29 (തിയ്യതി 31.01.2018) എന്നീ രശീതികൾ ക്യാൻസൽ ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് രശീതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(01/13.02.2018) ആയത് നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത് . ഡ്യൂപ്ലിക്കേറ്റ് രശീതികൾ ദുരുപയോഗം ചെയ്തിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ശ്രീമതി ജയന്തി കെ, ക്ലാർക്കിന് ഇഷ്യൂ ചെയ്ത ബുക്ക് നം. 16612/98 to 100 ക്യാൻസൻ ചെയ്തിട്ടില്ല. എന്നാൽ ഈ രശീതി ബുക്കിനു ശേഷം ഇഷ്യൂ ചെയ്ത രശീതി ബുക്ക് 16616 ഉപയോഗിച്ചിട്ടുമുണ്ട്. മേൽ വിഷയം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/13.02.2018) രശീതികൾ ക്യാൻസൽ ചെയ്ത് അപാകത പരിഹരിച്ച് ലഭ്യമാക്കി, കൂടാതെ മാർച്ച് മാസത്തിൽ കൂടുതൽ ജീവനക്കാർക്ക് ഫീൽഡിൽ പോയി നികുതി പിരിക്കുന്നതിനാണ് രണ്ട് രസീറ്റ് ബുക്ക് ഒരേ സമയം ഇഷ്യൂ ചെയ്തതെന്ന മറുപടി ലഭ്യമാക്കി. അപാകതകൾ വരാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
3. പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്ത താഴെ പറയുന്ന ചെക്കുകളുടെ നിലവിലെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 207437 | 27.06.2018 | 450 |
| 2 | 218111 | 11.10.2018 | 7080 |
| 3 | 218117 | 16.10.2018 | 1050 |
| 4 | 189651 | 04.01.2018 | 3400 |
| 5 | 189677 | 09.02.2018 | 6600 |

മേൽ വിഷയം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/13.02.2018) കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് - പൊതു അപാകതകൾ

1. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കിയിട്ടില്ല . ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാരും ഡി ആന്റ് ഒ ലൈസൻസ് ഉള്ളവരാണോ എന്ന് പരിശോധിക്കാനായിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 3 ലെ പട്ടിക1 ൽ ക്രമ നമ്പർ 149 ആയി റേഷൻ കടകൾ ലൈസൻസ് എടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഡി ആന്റ് ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിവരം , അവക്ക് ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(02/13.12.2018) പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പൊതു അപാകതകൾ

1. വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

2017-18 വർഷത്തഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 264 കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ , ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി

വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഇവയിൽ ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസി | കച്ചവടത്തിന്റെ തരം | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | അബ്ദുൾ കരീം മാമ്പ്ര | ബറാക്കത്ത് നഞ്ച ഗ്രൂപ്പ് | 2 |
| 2 | മുഹമ്മദ് ഷരീഫ് പി കെ | ത്രീ സ്റ്റാർ ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് | 6 |
| 3 | അംജദ് മാമ്പ്ര | സ്റ്റേഷനറി | 2 |
| 4 | അബ്ദു സമദ് ഉള്ളാട്ടുപറമ്പിൽ | സ്പോഞ്ച് നിർമ്മാണം | 4 |
| 5 | ഹാരിസ് മഞ്ഞളാംകുഴി | സോ മിൽ | 4 |

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപന മേധാവി ലഭ്യമാക്കിയ അർദ്ധവാർഷിക വരുമാന പത്രിക പ്രകാരം കാനറാബാങ്കിലെ ക്ലാർക്കായ ശ്രീ ഷൈജുലാൽ എന്നവരുടെ മാസ വരുമാനം 31450 /- രൂപയാണ്. ടിയാൻ 23.11.2017 ന് ജോലിയിൽ പ്രവേശിച്ചതായാണ് സ്റ്റേറ്റ്മെന്റിൽ പറയുന്നത് . ടിയാന്റെ അർദ്ധവാർഷിക വരുമാനം (4*31540)126160 /- രൂപയായതിനാൽ അടവാക്കേണ്ട തൊഴിൽ നികുതി 1250 രൂപയാണ് . എന്നാൽ 1000/- രൂപയാണ് അടവാക്കിയിട്ടുള്ളത്. കുറവായി അടവാക്കിയ തുക ഈടാക്കേണ്ടതാണ്.

3. പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരം സൂക്ഷിക്കുന്ന സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

   മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/13.12.2018) മറുപടി ലഭ്യമാക്കിയില്ല.അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 2-5 പാരാമെഡിക്കൽ സ്ഥാപനങ്ങൾ - ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ (SRO no. 660/97) ചട്ടം 3(1) പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം 3(10) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ പ്രസ്തുത രജിസ്ട്രേഷന് അതതു സാമ്പത്തിക വർഷം അവസാനം വരെയാണ് പ്രാബല്യം . ചട്ടം 5 പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രി/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണ്. ചട്ടം 8 പ്രകാരം 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായോ ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെയോ ഒരു സ്വകാര്യ ആശുപത്രിയോ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ, നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻ മേൽ 5000/- രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500/- രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൻ 2016 – 17 വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തവയും 2018-19 ൽ തുടർന്നു വരുന്നവയുമായ താഴെ പറയുന്ന സ്ഥാപനങ്ങൾ 2017-18 ൽ രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല.

| സ്ഥാപനം | 2016-17 ലെ രജിസ്ട്രേഷൻ നമ്പർ | 2018-19 ലെ രജിസ്ട്രേഷൻ നമ്പർ |
|---|---|---|
| സഫിയ ഫാമിലി ഡെന്റൽ ക്ലിനിക്ക് | 06/16-17 | 01/2018-19 |
| കെയർ വെൽ ക്ലിനിക്ക് | 05/16-17 | 04/18-19 |

2017-18 ൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ച മേൽ സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരം സ്വീകരിച്ച നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ 2016-17 ൽ രജിസ്റ്റർ ചെയ്ത താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഹോളി സ്റ്റിക് ഹോമിയോ ക്ലിനിക്ക് |
| 2 | കെയർ വെൽ ഡെന്റൽ ക്ലിനിക് |
| 3 | കെയർ വെൽ മെഡിക്കൽ ലബോറട്ടറി |
| 4 | S R ക്ലിനിക്കൽ ലബോറട്ടറി |

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(03/13.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട വിരുദ്ധമായി പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-6 വസ്തു നികുതി നിർണ്ണയിച്ചതിൻ കുറവ്

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണ സമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിടനമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് (ചട്ടം 3(4)). എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന

നഷ്ടമാണ് സംഭവിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

അടിസ്ഥാന നികുതി നിരക്ക് 30-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാ നികുതി | വർദ്ധന. % | ഇളവ് % | നിർണ്ണയിച്ച നികുതി | ലൈബ്രറി കരം | ആകെ |
|---|---|---|---|---|---|---|---|
| XV/312D | 23 | 690 | 20% | | 828 | 42 | 870 |
| XV/312E | 23 | 690 | 20% | | 828 | 42 | 870 |
| XV/312F | 23 | 690 | 20% | | 828 | 42 | 870 |
| XV/312G | 23 | 690 | 20% | | 828 | 42 | 870 |
| XV/312H | 23 | 690 | 20% | | 828 | 42 | 870 |
| XV/312Y | 23 | 690 | 20% | | 828 | 42 | 870 |
| XV/312J | 23 | 690 | 20% | | 828 | 42 | 870 |
| XV/312K | 23 | 690 | 20% | | 828 | 42 | 870 |
| XV/312L | 23 | 690 | 20% | | 828 | 42 | 870 |
| XV/312M | 23 | 690 | 20% | | 828 | 42 | 870 |
| XV/312N | 23 | 690 | 20% | 5% | 787 | 40 | 827 |
| XV/312X | 23 | 690 | 20% | 5% | 787 | 40 | 827 |
| XV/312P | 23 | 690 | 20% | 5% | 787 | 40 | 827 |
| XV/312Q | 23 | 690 | 20% | 5% | 787 | 40 | 827 |
| XV/312R | 23 | 690 | 20% | 5% | 787 | 40 | 827 |
| XV/312S | 23 | 690 | 20% | 5% | 787 | 40 | 827 |
| XV/312T | 23 | 690 | 20% | 5% | 787 | 40 | 827 |
| XV/312U | 23 | 690 | 20% | 5% | 787 | 40 | 827 |
| XV/312V | 23 | 690 | 20% | 5% | 787 | 40 | 827 |
| XV/312W | 23 | 690 | 20% | 5% | 787 | 40 | 827 |
| | | | | | 16150 | 820 | 16970 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാ നികുതി | വർദ്ധന. % | ഇളവ് % | നിർണ്ണയിച്ച നികുതി | ലൈബ്രറി കരം | ആകെ |
|---|---|---|---|---|---|---|---|
| XV/312D | 23 | 1150 | 20% | | 1380 | 69 | 1449 |
| XV/312E | 23 | 1150 | 20% | | 1380 | 69 | 1449 |
| XV/312F | 23 | 1150 | 20% | | 1380 | 69 | 1449 |
| XV/312G | 23 | 1150 | 20% | | 1380 | 69 | 1449 |
| XV/312H | 23 | 1150 | 20% | | 1380 | 69 | 1449 |
| XV/312Y | 23 | 1150 | 20% | | 1380 | 69 | 1449 |
| XV/312J | 23 | 1150 | 20% | | 1380 | 69 | 1449 |
| XV/312K | 23 | 1150 | 20% | | 1380 | 69 | 1449 |

| | | | | | | | |
|---|---|---|---|---|---|---|---|
| XV/312L | 23 | 1150 | 20% | | 1380 | 69 | 1449 |
| XV/312M | 23 | 1150 | 20% | | 1380 | 69 | 1449 |
| XV/312N | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| XV/312X | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| XV/312P | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| XV/312Q | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| XV/312R | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| XV/312S | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| XV/312T | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| XV/312U | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| XV/312V | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| XV/312W | 23 | 1150 | 20% | 5% | 1311 | 66 | 1377 |
| | | | | | 26910 | 1350 | 28260 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ മേൽ കാണിച്ച ഒരു കെട്ടിടത്തിൽ നിന്നു തന്നെ വസ്തു നികുതിയിൽ 10760/-രൂപയുടെയും (26910- 16150) ലൈബ്രറി സെസ്സിൽ 530/- രൂപയുടെയും (1350 - 820) ആകെ 11290/- രൂപയുടെയും (28260 – 16970 )കുറവ് വന്നിട്ടുണ്ട്.

ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. എന്നാൽ ഒരേ വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. തനത് ഫണ്ട് സമാഹരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്. നികുതി നിർണ്ണയത്തിലുള്ള അപാകതക്ക് കാരണം വിശദമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/18.12.2018)മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്-നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണം

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 110 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 74 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 33ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 110 | ആകെ അടങ്കൽ | 24369431 |
| നടപ്പിലാക്കിയത് | 74 | ചെലവ് | 14156632 |
| ശതമാനം | 67.27 | ചെലവ് ശതമാനം | 58.09% |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളിൽ 65 എണ്ണവും സ്പിൽ ഓവർ പ്രൊജക്റ്റുകളായിരുന്നു. എന്നാൽ അവയിൽ 10 പ്രൊജക്റ്റുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്റ്റുകൾ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

തൻവർഷം പുതുതായി അംഗീകാരം ലഭിച്ച 45 പ്രൊജക്റ്റുകളിൽ 26 എണ്ണവും ഈ വർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

സ്റ്റാന്റിങ് കമ്മിറ്റികൾ ഫലപ്രദമായി പ്രവൃത്തിക്കുന്നില്ല.

2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വികസന സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 15 തവണയാണ്.

പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട വികസന സ്റ്റാന്റിങ് കമ്മിറ്റി, പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവ ചർച്ച ചെയ്യുതിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്യിട്ടുമില്ല.

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ കേവല യോഗങ്ങൾ മാത്രമായി അവസാനിച്ചിരിക്കുകയാണ്. പൊതു മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് 20.2.2017, 2.5.2017, 17.5.2017 എന്നീ തീയ്യതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗങ്ങളുടെ മിനുട്സ് ഉത്തരവാദിത്തപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതാനും പ്രവൃത്തികളുടെ പേര് എഴുതി വെച്ച എന്നതിലപ്പുറം വർക്കിങ് കമ്മിറ്റി പദ്ധതി രൂപീകരണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടത് വർക്കിങ് ഗ്രൂപ്പ് ആണെങ്കിലും പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് യോഗത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതും അംഗീകരിച്ചതും സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുമില്ല.

<u>പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു.</u>

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

<u>റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല</u>

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല</u>

പരിശോധനക്ക് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് 5.3.2018ൽ ചേർന്ന വർക്കിങ് ഗ്രൂപ്പ് യോഗം അംഗീകരിച്ചതായാണ് റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത്. എന്നാൽ പ്രസ്തുത തീയ്യതിയിൽ വർക്കിങ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ല. 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല.

ലഭ്യമാക്കിയ റിപ്പോർട്ടിൽ 2016-17 ൽ നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ വിവരം ചേർത്തിട്ടുണ്ട് എന്നതൊഴിച്ചാൽ മറ്റ് അടിസ്ഥാന വിവരങ്ങളൊന്നുമില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി എന്ന് പേരുള്ള മറ്റൊരു രേഖ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ രേഖപ്പെടുത്തൽ പ്രകാരം ഗ്രാമ പഞ്ചായത്തിൽ 40.087കിലോമീറ്റർ ടാർ റോഡും, 5.097 കിലോമീറ്റർ മെറ്റൽ ( സോളിങ്ങ്) റോഡും, 36.5999 കിലോമീറ്റർ മൺ റോഡും, 6.459കിലോമീറ്റർ കോൺക്രീറ്റ് റോഡും, 1.664 കിലോമീറ്റർ കോൺക്രീറ്റ് നടപ്പാതയും, 17.546കിലോമീറ്റർ നടപ്പാതയും ഉൾപ്പെടെ

ആകെ 107.452 കിലോമീറ്റർ റോഡ് ആണ് ഉള്ളത്.

കൂടാതെ 13 പൊതു കിണറുകൾ, 15 കുളം, 40 പൊതു കുഴൽ കിണർ 5 ചെറുകിട കുടിവെള്ള പദ്ധതി എന്നിവയും ഗ്രാമ പഞ്ചായത്തിൽ ഉണ്ട്.

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് തികഞ്ഞ അലംഭാവത്തോടെയാണ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതുമാണ്.

## 3-2 അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല

2. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. പ്രവൃത്തികളുടെ പൂർത്തീകരണത്തെ തുടർന്ന് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4. പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി കാഷ് ബുക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-3 നികുതികൾ ഈടാക്കിയതിൽ കുറവ്

മരാമത്ത് പ്രവൃത്തികളുടെ ബിൽ നൽകുമ്പോൾ 1% നിരക്കിൽ ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം എന്നിവ കുറവ് ചെയ്താണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ ഓഡിറ്റ് വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 32മരാമത്ത് പ്രവൃത്തികളുടെ ബിൽ നൽകിയപ്പോൾ നിശ്ചിത നിരക്കിൽ ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം എന്നിവ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. ഇത്തരത്തിൽ നികുതി കുറവ് ചെയ്യാതെ ബിൽ നൽകിയതിനാൽ കരാറുകാർക്ക് 14337 രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | 2% നികുതി കഴിച്ച് കരാറുകാരന് നൽകേണ്ടിയിരുന്ന തുക | കരാറുകാരന് നൽകിയ തുക | അധികം |
|---|---|---|---|---|---|
| 1. | കുട്ടല്ലൂർ മന – കള്ള് ഷാപ്പ് റോഡ് (57/18) കരാറുകാരൻ ശ്രീ. മുഹമ്മദ് അലി.ടി<br>അളവ് പുസ്തകം 29/17-18<br>ബിൽ 43/28.2.2018 തുക. 400000 | 400000 | 392000 | 392858 | 858 |
| 2. | ചെറുകുന്ന് | 394375 | 386488 | 387333 | 845 |

| | | | | | |
|---|---|---|---|---|---|
| | പുലിയകത്ത് ഹെൽത്ത് സെന്റർ റോഡ് സൈഡ് കെട്ടൽ (183/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് തസ്ലീം. സി.എച്ച്<br>അളവ് പുസ്തകം 76/17-18<br>ബിൽ 45 28.2.2018 തുക. 394375 | | | | |
| 3. | കുറുങ്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (58/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് അലി.ടി<br>അളവ് പുസ്തകം 75/17-18<br>ബിൽ 59/28.2.2018 തുക 250000<br>ചെക്ക് 60/28.2.2018 തുക 297668 | 547668 | 536715 | 537888 | 1173 |
| 4. | വില്ലേജ്പടി അങ്കണവാടി പുനരുദ്ധാരണം (216/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് അഷ്റഫ്.സി<br>അളവ് പുസ്തകം 84/17-18<br>ബിൽ 78/31.3.2018 തുക 53896 | 53896 | 52818 | 52934 | 116 |
| 5. | പനങ്ങാങ്ങര തീക്കുന്ന് പറമ്പ് കോന്തംപല്ലം റോഡ് കോൺക്രീറ്റിങ് (152/18)<br>കരാറുകാരൻ. ശ്രീ. അബ്ദുൽ ഗഫൂർ. പി.സി | 47117 | 46175 | 46275 | 100 |

| | | | | | |
|---|---|---|---|---|---|
| | അളവ് പുസ്തകം 46/17-18<br>ബിൽ 77/31.3.2018 തുക 47117 | | | | |
| 6. | മൈലാടി പനച്ചിക്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (163/18)<br>കരാറുകാരൻ ശ്രീ. സൈഫുള്ള. പി.കെ<br>അളവ് പുസ്തകം 58/17-18<br>ബിൽ 76/26.3.2018 തുക 180000<br>ചെക്ക് 9189624/24.3.2018 തുക 12088 | 192088 | 188246 | 188658 | 412 |
| 7. | ചോലയിൽ റോഡ് സോളിങ് (60/18)<br>കരാറുകാരൻ ശ്രീ. സൈഫുള്ള. പി.കെ<br>അളവ് പുസ്തകം 32/17-18<br>ബിൽ 75/26.3.2018 തുക 150000<br>ചെക്ക് 4542020/24.3.2018 തുക 15000 | 165000 | 161700 | 162054 | 354 |
| 8. | പൂഴിക്കത്ത് പള്ളിപ്പടി റോഡ് ടാറിങ് (171/18)<br>കരാറുകാരൻ ശ്രീ. സൈഫുള്ള. പി.കെ<br>അളവ് പുസ്തകം 36/17-18<br>ബിൽ 73/26.3.2018 തുക. 180000<br>ചെക്ക് 9189622//24.3.2018 തുക 20000 | 200000 | 196000 | 196428 | 428 |
| 9. | പനങ്ങാങ്ങര ജുമാ | 150000 | 147000 | 147322 | 322 |

| | | | | | |
|---|---|---|---|---|---|
| | മസ്ജിദ് മേലേടത്ത് റോഡ് ടാറിങ് (70/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ഷാഫി.പി.<br>അളവ് പുസ്തകം 65/17-18<br>ബിൽ 74/26.3.2018 തുക. 140000<br>ചെക്ക് 9189621//24.3.2018 തുക 10000 | | | | |
| 10. | പോസ്റ്റ് ഓഫീസ് ചെട്ട്യാരങ്ങാടി റോഡ് ടാറിങ് (80/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ഷാഫി.പി.<br>അളവ് പുസ്തകം 64/17-18<br>ബിൽ 72/26.3.2018 തുക 50346 | 50346 | 49339 | 49446 | 107 |
| 11. | ഒടിയൻ നിരപ്പ് പാറക്കുഴി ടാറിങ് (155/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ഷാഫി.പി.<br>അളവ് പുസ്തകം 62/17-18<br>ബിൽ 71/26.3.2018 തുക 200000 | 200000 | 196000 | 196428 | 428 |
| 12. | വയലക്കാട്ട് പാറ – അല്ലൂർപടി ടാറിങ് (229/18)<br>കരാറുകാരൻ ശ്രീ. അബ്ദുൾ ഗഫൂർ.പി.സി<br>അളവ് പുസ്തകം 80/17-18<br>ബിൽ 70/26.3.2018 തുക 94448 | 94448 | 92559 | 92762 | 203 |

| | | | | | |
|---|---|---|---|---|---|
| 13. | കാളിപറമ്പ് റോഡ് ടാറിങ് (187/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ഷാഫി.പി.<br>അളവ് പുസ്തകം 66/17-18<br>ബിൽ 69/26.3.2018 തുക 100000 | 100000 | 98000 | 98214 | 214 |
| 14. | പാലാട്ടുപാറ ചെട്ട്യാരങ്ങാടി റോഡ് റീ ടാറിങ് (185/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ഷാഫി.പി.<br>അളവ് പുസ്തകം 67/17-18<br>ബിൽ 68/26.3.2018 തുക 150000 | 150000 | 147000 | 147322 | 322 |
| 15. | നേമത്ത്കുഴി പാലാട്ടുപാറ റോഡ് റീ ടാറിങ് (168/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ഷാഫി.പി.<br>അളവ് പുസ്തകം 61/17-18<br>ബിൽ 61/26.3.2018 തുക 100000 | 100000 | 98000 | 98214 | 214 |
| 16. | രാമപുരം മില്ലുംപടി പൂളേംകുന്നൻ റോഡ് റീ ടാറിങ് (85/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ഷാഫി.പി.<br>അളവ് പുസ്തകം 60/17-18<br>ബിൽ 65/26.3.2018 തുക 219000 | 219000 | 214620 | 215090 | 470 |
| 17. | വൈദ്യശാലപ്പടി കുറുങ്കാട് റോഡ് റീ ടാറിങ് (74/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ഷാഫി.പി.<br>അളവ് പുസ്തകം | 200000 | 196000 | 196428 | 428 |

| | | | | | |
|---|---|---|---|---|---|
| | 63/17-18<br>ബിൽ 64/26.3.2018 തുക 219000 | | | | |
| 18. | വള്ളിയംപുറം അമ്പലപ്പടി ചൊവ്വാണ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (172/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് തസ്നീം. സി.എച്ച്<br>അളവ് പുസ്തകം 24/17-18<br>ബിൽ 62/28.2.2018 തുക 331000<br>ബിൽ 63/28.2.2018 തുക 69000 | 400000 | 392000 | 392858 | 858 |
| 19. | മീൻകൊല്ലി പറമ്പ് കോങ്ങംപാറ റോഡ് റീ ടാറിങ് (173/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദാലി. ടി<br>അളവ് പുസ്തകം 27/17-18, 27A/17-18<br>ബിൽ 61/28.2.2018 തുക 275000<br>ചെക്ക് 4542019/24.3.2018 തുക 25000 | 300000 | 294000 | 294642 | 642 |
| 20. | മുത്തങ്ങാ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ (162/18)<br>കരാറുകാരൻ ശ്രീ. ഹാരിസ്. കെ.പി<br>അളവ് പുസ്തകം 51/17-18, 27A/17-18<br>ബിൽ 57/28.2.2018 തുക 90000 | 90000 | 88200 | 88392 | 192 |

| | | | | | |
|---|---|---|---|---|---|
| 21. | ചെറുകുന്ന് പുലിയകത്ത് ഹെൽത്ത് സെന്റർ റോഡ് സൈഡ് കെട്ടൽ (183/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് തസ്ലീം. സി.എച്ച്<br>അളവ് പുസ്തകം 76/17-18<br>ബിൽ 45/28.2.2018 തുക 394375 | 394375 | 386488 | 387333 | 845 |
| 22 | മുപ്പേടത്ത് നട്ടത്തൊടി റോഡ് ടാറിങ് (69/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദാലി. ടി<br>അളവ് പുസ്തകം 28/17-18<br>ബിൽ 50/28.2.2018 തുക 150000<br>ചെക്ക് 9189623/24.3.2018 തുക 15000 | 200000 | 196000 | 196428 | 428 |
| 23. | പയ്യത്തി റോഡ് ടാറിങ് (104/18)<br>കരാറുകാരൻ ശ്രീ. അബ്ദുള്ള. എ.കെ<br>അളവ് പുസ്തകം 32/17-18<br>ബിൽ 51/28.2.2018 തുക 245250 | 245250 | 237891<br>(1% ഫൈൻ ഉൾപെടെ 3%) | 238417<br>(1% ഫൈൻ ഉൾപെടെ 3%) | 526 |
| 24. | ചെകിടപ്പറമ്പ് റോഡ് റീ ടാറിങ് (101/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ജുറൈജ്.കെ.കെ<br>അളവ് പുസ്തകം 20/16-17<br>ബിൽ 52/28.2.2018 തുക 209946 | 209946 | 203248<br>(ഫൈൻ 2500 രൂപ ഉൾപെടെ ) | 203696<br>(ഫൈൻ 2500 രൂപ ഉൾപെടെ ) | 448 |

| | | | | | |
|---|---|---|---|---|---|
| 25. | കട്ടിലശ്ശേരി റോഡ് ടാറിങ് (113)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ജുറൈജ്.കെ.കെ<br>അളവ് പുസ്തകം 22/16-17<br>ബിൽ 52/28.2.2018 തുക 200000 | 200000 | 194000<br>(ഫൈൻ 2000 രൂപ ഉൾപെടെ ) | 194428<br>(ഫൈൻ 2000 രൂപ ഉൾപെടെ ) | 428 |
| 26. | അമ്പലപ്പടി പടവെട്ട് പള്ളിയാൽ റോഡ് റീ ടാറിങ് (96/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ജുറൈജ്.കെ.കെ<br>അളവ് പുസ്തകം 47/16-17<br>ബിൽ 54/28.2.2018 തുക 98374 | 98374 | 95406<br>(ഫൈൻ 1000 രൂപ ഉൾപെടെ ) | 95618<br>(ഫൈൻ 1000 രൂപ ഉൾപെടെ ) | 212 |
| 27. | ഉരുണിയൻ റോഡ് കോൺക്രീറ്റ് (62/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ജുറൈജ്.കെ.കെ<br>അളവ് പുസ്തകം 54/17-18<br>ബിൽ 38/19.1.2018 തുക 136557 | 136557 | 133825 | 134119 | 294 |
| 28. | കെ.പി.രാഘവൻ നായർ മെമ്മോറിയൽ റോഡ് കോൺക്രീറ്റ് (78/18)<br>കരാറുകാരൻ ശ്രീ.അബ്ദുൽ റഹീം. എം.പി<br>അളവ് പുസ്തകം 40/17-18<br>ബിൽ 36/19.1.2018 തുക 209124 | 209124 | 204942 | 205390 | 448 |
| 29. | ചോഴി മംഗലത്ത് പടി ഇളംതുകത്തി | 150000 | 147000 | 147322 | 322 |

| | | | | | |
|---|---|---|---|---|---|
| | കോളനി റോഡ് കോൺക്രീറ്റ് (156/18)<br>കരാറുകാരൻ ശ്രീ.അബ്ബാസ്.കെ.പി<br>അളവ് പുസ്തകം 53/17-18<br>ബിൽ 36/19.1.2018 തുക 150000 | | | | |
| 30. | കൊച്ചാംപള്ളി യാറത്തിങ്ങൽ പടി റോഡ് കോൺക്രീറ്റിങ് (76/18)<br>കരാറുകാരൻ ശ്രീ.ഉമ്മർ.കെ<br>അളവ് പുസ്തകം 78/17-18<br>ബിൽ 40/19.1.2018 തുക 200000 | 200000 | 196000 | 196428 | 428 |
| 31. | കാശൈംകുന്ന് റോഡ് കോൺക്രീറ്റ് (83/18)<br>കരാറുകാരൻ ശ്രീ.അബ്ദുൽ റഹീം. എം.പി<br>അളവ് പുസ്തകം 39/17-18<br>ബിൽ 36719.1.2018 തുക 63000<br>ചെക്ക് 189630/21.12.2017 തുക 13100 | 76100 | 74578 | 74742 | 164 |
| 32. | കണ്ണംതൊടി പാത്‌വേ കോൺക്രീറ്റിങ് (79/18)<br>കരാറുകാരൻ ശ്രീ.അമീറലി . എൻ<br>അളവ് പുസ്തകം 77/17-18<br>ബിൽ 41/19.1.2018 | 267523 | 262173 | 262745 | 572 |

| | | | | | |
|---|---|---|---|---|---|
| | തുക 267523 | | | | |
| 33. | മൈലാടി കടുങ്ങൻചിറ റോഡ് പുനരുദ്ധാരണം (164/18)<br>കരാറുകാരൻ ശ്രീ.മൊയ്തു.കെ<br>അളവ് പുസ്തകം 42/17-18<br>ബിൽ 42/19.1.2018 തുക 250000 | 250000 | 245000 | 245536 | 536 |
| | | | | | 14337 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 10/18.12.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി നൽകി.

1. ഓഡിറ്റ് കാലയളവിൽ മരാമത്ത് പ്രവൃത്തികൾക്ക് 12% നിരക്കിൽ GST കരാറുകാർ അടവാക്കേണ്ടിയിരുന്നു.

2. ആകെ മൂല്യ നിർണ്ണയ തുക എന്നത് 12% നികുതി തുക ഉൾപ്പെട്ടതാണ്.

3. ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 12% (GST) തുക കുറവ് ചെയ്തതിന് ശേഷമുള്ളതാണ് യഥാർത്ഥ മൂല്യ നിർണ്ണയ തുക. അപ്രകാരം ലഭിക്കുന്ന തുകയിൽ നിന്ന് ആദായ നികുതിയും, നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയും കുറവ് ചെയ്തത് മൂലമാണ് നികുതി തുകയിൽ വ്യത്യാസം വന്നത്. ഇതേ രീതിയിലാണ് നികുതി കുറവ് ചെയ്യേണ്ടത് എന്ന് GSTസംബന്ധിച്ച ക്ലാസുകളിൽ വിശദമാക്കിയിരുന്നു.

നിലവിൽ ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് നികുതികൾ കുറവ് ചെയ്യുന്ന രീതിയാണ് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സ്വീകരിച്ച് വരുന്നത്. ആയതിന് വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥൻ പരാമർശിച്ച പ്രകാരം നികുതി ഈടാക്കുന്നതിന് അടിസ്ഥാനമാക്കിയ ബന്ധപ്പെട്ട വകുപ്പുകളുടെ ഉത്തരവ്, നിർദ്ദേശങ്ങൾ എന്നിവ മറുപടിയോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-4 പാലിന് സബ്സിഡി നൽകിയത് - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥ-ക്ഷീര വികസന ഓഫീസർ

(1). പ്രൊജക്ട് നം 65/2018 സ്പിൽ ഓവർ

മേൽ പദ്ധതി ക്കായി 526000 രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം.1/29.8.2017 തുക 71506,ചെക്ക് നം.1432935/23.8.2017 തുക 328494,ചെക്ക് നം.1708642/23.8.2017തുക 126000 )എന്നാൽ പാലിന്റെ അളവ് ക്ഷീരസഹകരണസംഘം സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്പരിശോധനക്ക് ഹാജരാക്കിയില്ല. ലിസ്റ്റ്പരിശോധനക്ക് ഹാജരാക്കാത്തതിനാൽ നൽകിയ തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല. ചെലവ് തുക 526000രൂപഓഡിറ്റിൽ തടസ്സം ചെയ്യുന്നു..

(2). പ്രൊജക്ട് നം 66/2018

മേൽ പദ്ധതിക്കായി 500000 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.2/19.10.2017 തുക 195231,ബിൽ നം.3/12.3.2018 54769 ,150000 രൂപ ബ്ളോക്ക് വിഹിതം,100000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ) പുഴക്കാട്ടിരി ക്ഷീരോത്പാദക സഹകരണ സംഘം നൽകിയ ലിസ്റ്റ് പ്രകാരം 71 ഗുണഭോക്താക്കളുടെ 2017 ഏപ്രിൽ മുതൽ 2018 ജനവരി വരെയുള്ള കാലയളവിലെ സബ്സിഡിക്കുള്ള ലിസ്റ്റ് പരിശോധിച്ചതിൽ ആകെ 491296 രൂപ മാത്രമാണ് സബ്സിഡി നൽകേണ്ടത് എന്നുകാണുന്നു. അധികം തുക 8704 നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം 18.തി.19.12.2018 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 നിർവ്വഹണോദ്യോഗസ്ഥരുടെ കണ്ടിജൻസി ചെലവുകൾ -രേഖകൾ ഹാജരാക്കിയില്ല.

സ.ഉ (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ തിയതി 03.04.2017 ഖണ്ഡിക 29 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി തുക അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് .ആയത് പ്രകാരം വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രമോ ,ചെലവ് വൗച്ചറുകളോ പരിശോധനക്ക് ലഭ്യമായില്ല.മുൻകൂർ ക്രമീകരിച്ച് വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 60000തടസ്സം ചെയ്യുന്നു.

| ക്രമ നം | ചെലവു വിവരം | വൗച്ചർ നം./ബിൽ നം/തിയ്യതി | തുക |
|---|---|---|---|
| 1 | കൃഷി ഓഫീസർക്ക് ദൈനം ദിന ചെലവുകൾക്ക് അഡ്വാൻസ് | 21700339/2.9.17 | 20000 |
| 2 | വെറ്ററിനറി സർജന് ദൈനം ദിന ചെലവുകൾക്ക് അഡ്വാൻസ് | 21700452/27.10.17 | 10000 |
| 3 | കൃഷി ഓഫീസർക്ക് ദൈനം ദിന ചെലവുകൾക്ക് അഡ്വാൻസ് | 21700523/16.11.17 | 20000 |
| 4 | വെറ്ററിനറി സർജന് ദൈനം ദിന ചെലവുകൾക്ക് അഡ്വാൻസ് | 21700715/20.2.18 | 10000 |

ആകെ 60000

## 3-6 ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല

താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

| ക്രമ നം | ചെലവു വിവരം | വൗച്ചർ നം./ബിൽ നം/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കുടിവെള്ള വിതരണം ശ്രീ. യു അബ്ദുൽ കരീമിന് നൽകിയത് | 21700373/19.9.17 | 457906 | ടെണ്ടർ,വിതരണം നടത്തിയതിന്റെ രേഖകൾ |
| 2 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ ,വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് (പ്രൊജക്ട് നം.214/18) | 11/17-18 /31.8.17 | 1170000 | രസീത്,എഗ്രിമെന്റ് ,വിനിയോഗ/ പൂർത്തീകരണ വിവരം എന്നിവ ഇല്ല. |
| 3 | സമ്പൂർണ്ണ വൈദ്യുതീകരണം തുക അടവാക്കൽ (പ്രൊജക്ട് നം.215/18) | 12/17-18 തി.8.9.17 | 400000 | രസീത്,എഗ്രിമെന്റ് ,വിനിയോഗ/ പൂർത്തീകരണ വിവരം എന്നിവ ഇല്ല. |
| 4 | IKM വിഹിതം അടവാക്കൽ (പ്രൊജക്ട് നം.203/18) | 14/31.10.17 | 50000 | രസീത് ഇല്ല. |
| 5 | ജൈവവളം ഇറക്കുമതിക്കായി കൃഷിഓഫീസർക്ക് നൽകിയത് | 21700567/1.12.17<br>21700714/20.2.18 | 20000<br>12000 | ചെലവ് വിവരം ഇല്ല |
| 6 | 47/18 പട്ടികജാതി കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21700842/28.09.2017 | 615250 | വിനിയോഗ/ പൂർത്തീകരണ വിവരം എന്നിവ ഇല്ല. |

ആകെ 2725156

ചെലവ് രേഖകൾ ഓഡിറ്റ് എൻക്വയറി നം 6തി.18/12/2018 മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കാത്തതിനാൽ 27,25,156 രൂപ തടസ്സം ചെയ്യുന്നു

## 3-7 ലോഗ്ബുക്ക് പരിശോധന-അപാകതകൾ

ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ (KL 53 A 3919)ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.പ്രതിമാസ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

2. ഹാൾട്ട് ചെയ്യുന്ന സമയം, കൺട്രോളിംഗ് ഓഫീസറുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3.ആറു മാസത്തിലൊരിക്കൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണെന്നിരിക്കെ ആയത് ചെയ്തതായി കാണുന്നില്ല.

4.ഫ്യുവൽ അക്കൗണ്ട് എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

5.വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച കാര്യങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പേ-റിവിഷൻ അരിയർ- കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ പേറിവിഷൻ അരിയർ കുടിശ്ശിക 15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.ശമ്പളത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | തസ്തിക | അടിസ്ഥാന ശമ്പളത്തിന്റെ കുടിശ്ശിക | അടവാക്കേണ്ട തുക 15% |
|---|---|---|---|---|
| 1 | ശാന്തി | ഹെഡ്ക്ലാർക്ക് | 10x16520=165200<br>9x16920= 152280<br>---------<br>317480 | 47622 |
| 2 | കൈലൈസനാഥൻ | സീനിയർ ക്ലാർക്ക് | 11x13610=149710<br>8 x13900 = 111200<br>-----------<br>260910 | 39136 |
| 3 | വിനോദ് കെ.വി | സീനിയർ ക്ലാർക്ക് | 11x13610=149710<br>8 x13900 = 111200<br>-----------<br>260910 | 39136 |
| 4 | രത്നമ്മ.പി | ക്ലാർക്ക് | 10060x3= 30180<br>10340x12=124080<br>10620x4= 42480<br>------------<br>196740 | 29511 |
| 5 | അജിതകുമാരി.പി | ക്ലാർക്ക് | 10060x6=60360<br>10340x12=127080 | |

| | | | | |
|---|---|---|---|---|
| | | | -----------<br>187440 | |
| 6 | ജയന്തി.കെ.പി | ക്ളാർക്ക് | 10060x3= 30180<br>10340x12=124080<br>10620x4= 42480<br>------------<br>196740 | 29511 |
| 7 | ശ്രീ കുമാർ.പി | അസി.സെക്രട്ടറി | 19200x7=134400<br>19760x7=138320<br>21760x5=108800<br>-----------<br>381520 | 57228 |
| 8 | കൃഷ്ണകുമാർ | അക്കൗണ്ടന്റ് | 14920x12=179040<br>15320x2 =30640<br>16066x1 =16066<br>16120x4 =64480<br>------------<br>290226 | 43534 |
| 9 | ഉസ്മാൻ.വി | പാർട്ട് ടൈം ലൈബ്രേറിയൻ | 6060x11=66660<br>6160x8 =49280<br>------------<br>115940 | 17391 |
| 10 | സുജിത്ത് എം.എസ് | സീനിയർ ക്ളാർക്ക് | 10340x9=93060<br>10620x5=53100<br>11990x5= 59950<br>-------------<br>206110 | 30917 |

കുടിശ്ശിക ശമ്പളത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ

സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പ് വരുത്താനായി കേരള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രാദേശിക ഘടകമായി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പ്രോജക്ടിൽ (39/2018) വനിതാ കൗൺസിലറുടെ ഹോണറേറിയം, ബോർഡ് സ്ഥാപിക്കൽ, അംഗനവാടികളിൽ പരാതിപ്പെട്ടി സ്ഥാപിക്കൽ

എന്നിവക്കായി വികസന ഫണ്ടിൽ നിന്നും 91673രൂപ ചെലവഴിച്ചിട്ടുണ്ട്. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്താനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള നടപടികൾ വ്യാപിപ്പിക്കുന്നതിനുമായി തയ്യാറാക്കിയ പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ അംഗനവാടികളിൽ സ്ഥാപിച്ച പരാതിപ്പെട്ടികളിൽ നിന്നും പരാതികൾ സ്വീകരിക്കാനും പരിശോധിക്കാനുമുള്ള സംവിധാനം പ്രായോഗികമായിട്ടില്ല.

പഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ പ്രാദേശിക തലത്തിൽ സ്ഥാപിക്കപ്പെട്ട പരാതിപ്പെട്ടികൾ ഉപയോഗപ്പെടുത്തുന്നതായോ, പരാതികൾ ലഭിക്കുന്നതായോ, പരിശോധിക്കപ്പെടുന്നതായോ കാണുന്നില്ല. വാർഡ് തലത്തിൽ ലഭിക്കുന്ന പരാതികൾ നേരിട്ട് പഞ്ചായത്തിലേക്ക് നൽകുകയാണ് രീതിയെന്ന് വിശദീകരിക്കുകയുണ്ടായി. ജാഗ്രതാ സമിതിയുടെ പ്രവർത്തനത്തിന്റെ ഭാഗമായുള്ള പരാതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് തലത്തിൽ ഓഡിറ്റ് കാലയളവിൽ ആകെ ലഭിച്ച 7 പരാതികളാണെന്നും ആയതിൽ സമിതിക്ക് തുടർനടപടി സ്വീകരിക്കാനായിട്ടുണ്ടെന്നും വ്യക്തമാവുന്നുണ്ട്. വാർഡ് തലത്തിൽ ജാഗ്രതാ സമിതികൾ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ തലത്തിലുള്ള ജാഗ്രതാ സമിതിയിൽ ചെയർപേഴ്സൺ, കൺവീനർ, പോലീസ് ഉദ്യോഗസ്ഥർ, സി ഡി എസ് ചെയർപേഴ്സൺ, ഡോക്ടർ, വനിതാ വക്കീൽ, എസ് സി വനിതാ അംഗം, സാമൂഹ്യപ്രവർത്തക, വാർഡ് ജാഗ്രതാ സമിതികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരാൾ എന്നിവരടങ്ങുന്നതാണെങ്കിലും മീറ്റിംഗുകളിലെ ഹാജർ തീരെ തൃപ്തികരമല്ല. പോലീസ് ഉദ്യോഗസ്ഥർ, ഡോക്ടർ, വനിതാ വക്കീൽ എന്നിവർ പങ്കെടുക്കാത്ത സിറ്റിംഗുകളിൽ തീരുമാനങ്ങൾ നിയമപരമാവാനുള്ള ഉത്തരവാദിത്വം എപ്രകാരം ഉറപ്പ് വരുത്തുന്നുവെന്ന് വ്യക്തമല്ല. വനിതാ വികസനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷൻ, അസി.സെക്രട്ടറി, കൺനീനർ,ഐ സി ഡി എസ് സൂപ്പർവൈസർ, സി ഡി എസ് ചെയർപേഴ്സൺ, വനിതാ മെമ്പർമാർ ഉൾപ്പെടെ 15 അംഗങ്ങളുള്ള ജെന്റർ റിസോഴ്സ് സെന്റർ രൂപീകരക്കാൻ നിർദ്ദേശമുള്ളതാണെങ്കിലും ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റി മിനിട്സ് പരിശോധിച്ചതിൽ സെന്റർ രൂപീകരിച്ചതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്ത്രീകളുടെ സാമൂഹ്യപദവി പഠനം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട ചോദ്യാവലി 16.01.18 ലെ ജാഗ്രതാ സമിതി യോഗത്തിൽ അംഗീകരിക്കുന്നുണ്ട്. ഇതിന് ശേഷം സർവ്വേ നടപടികൾ പൂർത്തിയാക്കാനായിട്ടില്ലായെന്നാണ് യോഗതീരുമാനങ്ങളിൽ നിന്നും വ്യക്തമാവുന്നത്. പ്രവർത്തനങ്ങൾക്കായി 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശമുള്ളതായിരുന്നു.

പഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ, ഗ്രാമപഞ്ചായത്തിൽ രൂപീകരച്ചതായി വിശദീകരിച്ച് ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ഊർജ്ജിതമാക്കി സ്ത്രീകളുടെ സാമൂഹ്യപദവി പഠനം പൂർത്തിയാക്കൽ തുടങ്ങിയ വിഷയങ്ങളിൽ നിലവിലെ അവസ്ഥ കൃത്യമായി പരിശോധിച്ച് ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റിയിൽ നിന്നും കാര്യക്ഷമമായ മേൽനോട്ടമുണ്ടാവേണ്ടതാണ്.

## 3-10 അജൈവമാലിന്യ സംഭരണവും സംസ്കരണവും ഫലപ്രദമാക്കൽ

പ്രോജക്ട് 194/18 അജൈവമാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനത്തിന്റെ ഭാഗമായി അജൈവ പാഴ് വസ്തുക്കൾ വീടുകളിൽ നിന്നും ശേഖരിച്ച് പ്രാദേശിക സംഭരണകേന്ദ്രത്തിൽ എത്തിക്കാനും സംഭരിച്ച പാഴ്വസ്തുക്കൾ സംസ്കരണ കേന്ദ്രത്തിലേക്ക് നീക്കം ചെയ്യാനുമായി വികസനഫണ്ടിൽ നിന്നും 7.98 ലക്ഷം രൂപയാണ് വകയിരുത്തിയത്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലായുള്ള 7000 ൽപരം വീടുകളിലും പൊതുസ്ഥലങ്ങളിലും തരം തിരിക്കാതെ സൂക്ഷിച്ചിട്ടുള്ള പ്ലാസ്റ്റിക്, പ്ലാസ്റ്റിക്കേതര പാഴ്വസ്തുക്കൾ പഞ്ചായത്ത് സംഭരണകേന്ദ്രത്തിലേക്കും അവിടെ നിന്ന് സംസ്കരണ കേന്ദ്രത്തിലേക്കും കൊണ്ടുപോകാൻ വേങ്ങേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന നിറവ് സീറോവേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയത്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 6120 വീടുകളിൽ നിന്നും സംഭരിച്ച പാഴ്വസ്തുക്കൾ സംസ്കരണ കേന്ദ്രത്തിലേക്ക് മാറ്റാൻ വീടൊന്നിന് 40 രൂപ നിരക്കിൽ 244,800 രൂപയും തുടർന്ന് കർണ്ണാടയിലുള്ള സംസ്കരണ കേന്ദ്രത്തിൽ എത്തിക്കാൻ ലോഡൊന്നിന് 25000 രൂപ നിരക്കിൽ 425000 രൂപയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രാദേശിക സംഭരണകേന്ദ്രം (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) പ്രവർത്തിക്കുന്നത് ഓഫീസിനടുത്ത് വാടകയ്ക്കെടുത്ത സ്ഥലത്ത് താത്കാലിക ഷെഡിലാണ്. മാലിന്യ സംസ്കരണത്തിനായി പൊതുവായ സ്ഥലം കണ്ടെത്തി ആയത് സംഭരിക്കുന്നതിനായി ഒരു സ്ഥിര സംവിധാനമൊരുക്കാൻ ഗ്രാമപഞ്ചായത്തിനായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രം സ്ഥാപിച്ചിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് വ്യവസായ കേന്ദ്രത്തിലായതിനാൽ നിലവിൽ 17 വാർഡുകളിൽ നിന്നും ശേഖരിക്കുന്ന തരം തിരിക്കപ്പെട്ട അജൈവമാലിന്യം സംഭരിക്കുന്നതിനുള്ള കേന്ദ്രമാണ്

ഗ്രാമപഞ്ചായത്ത് സ്ഥാപിക്കേണ്ടത്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന പ്രവർത്തനമാണിത്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിക്ക് ഭൂമി വാങ്ങാൻ 2017-18 ൽ (10/18) മാലിന്യമുക്ത പുഴക്കാട്ടിരി പഞ്ചായത്തെന്ന പ്രോജക്ടിൽ 6 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ഓഡിറ്റ് കാലയളവിൽ സ്ഥലം കണ്ടെത്തി പ്രോജക്ട് ലക്ഷ്യം നേടുന്നതിനായില്ല.

മാലിന്യ പരിപാലനത്തിന് സഹായിക്കുന്ന സംരംഭക ഗ്രൂപ്പുകൾ, സപ്പോർട്ട് ഓർഗനൈസേഷനുകൾ എന്നിവ പ്രവർത്തിക്കുന്നതിന് 6 മാസക്കാലത്തേയ്ക്ക് വ്യക്തമായ ഫിനാൻഷ്യൽ പത്രികയുടെ അടിസ്ഥാനത്തിൽ ശുചിത്വ മിഷന്റെ മാനദണ്ഡങ്ങൾ പ്രകാരം വികസന ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കാനുള്ള പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിനായിട്ടില്ല. തുടർന്ന് 2018-19 വർഷത്തിലാണ് ഹരിത കേരളം മിഷന്റെ ഭാഗമായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ് തല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമായ ഹരിത കർമ്മസേനയുടെ രൂപീകരണവും ആയതിന്റെ പ്രവർത്തനത്തിന് ആവശ്യമായ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനുമുള്ള നടപടിയും ഗ്രാമപഞ്ചായത്തിന് സ്വീകരിക്കാനായത്.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കാനുള്ള മർഗ്ഗരേഖയിലും ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണനിർദ്ദേശങ്ങൾ അംഗീകരിച്ച15.07.2017 ലെ 2420/2017/തസ്വഭവ ഉത്തരവിലും ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനം രൂപീകരിച്ച് പ്രാവർത്തികമാക്കാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതാണ്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾക്ക് ഹരിതകർമ്മസേന രൂപീകരിച്ച് വാർഡുകളിലെ വിശദമായ സർവ്വേയുടെ അടിസ്ഥാനത്തിൽ വിശദമായ മാലിന്യ സംസ്കരണ പരിപാടിയുടെ രൂപരേഖ തയ്യാറാക്കാനും ആയതിന് പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം വാങ്ങാനും നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ പരിശീലനം ലഭിച്ച 14 അംഗങ്ങളെ കൂടാതെ രണ്ട് പേരെ കരുതലായി ഉൾപ്പെടുത്തി ഭരണ സമിതിയുടെ 28.07.2018 1/1 നമ്പർ യോഗ നടപടിയായി ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് തീരുമാനങ്ങളെടുത്തിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം വാർഡ് തല സർവ്വേയിലൂടെ മാലിന്യ സംസ്കരണ പരിപാടിയുടെ രൂപരേഖ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് കാണുന്നു. ഇങ്ങനെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കൃത്യമായൊരു ആക്ഷൻ പ്ലാനില്ലാതെയാണ് ഹരിത കർമ്മസേനയുടെ പ്രവർത്തനം നിലവിൽ ഗ്രാമപഞ്ചായത്തിലെ 17വാർഡുകളിലും മുന്നോട്ട് പോകുന്നതെന്ന് വ്യക്തമാണ്. മാലിന്യ സംസ്കരണ പരിപാടിയുടെ ഡി.പി.ആർ അംഗീകരിച്ചതിനു ശേഷമാണ് സ്ഥാപനത്തിനാവശ്യമായ ഹരിതസേനംഗങ്ങളുടെ എണ്ണവും വീടുകൾക്കും സ്ഥാപനങ്ങൾക്കും ബാധകമായ യൂസർഫീയും നിശ്ചയിക്കേണ്ടിയിരുന്നത്.

അജൈവ മാലിന്യം ശേഖരിക്കുന്നതിന് വീടുകളിൽ നിന്നും ഭരണ സമിതി (28.07.2018 1/1) തീരുമാനിച്ച നിരക്കിൽ ശേഖരിക്കുന്ന യൂസർ ഫീസ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, അസി.സെക്രട്ടറി എന്നവരുടെ പേരിൽ സംയുക്തമായി തുടങ്ങിയ ബാങ്ക് എക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ടെങ്കിലും ഒക്ടോബർ, നവംബർ മാസങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് ചെലവ് അനുവദിച്ചിരിക്കുന്നത് വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നുമാണ്. 19.05.2018 ലെ 1391/2018/തസ്വഭവ ഉത്തരവിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് ആറ് മാസത്തേക്കാണ് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകാവുന്നത് ( ഗ്രാമപഞ്ചായത്തുകൾക്ക് വാർഡിന് 23,175 രൂപ ) എന്ന വ്യക്തമാക്കിയ സാഹചര്യത്തിൽ തുടർപ്രവർത്തനം തടസ്സമില്ലാതെ നടന്ന് പോകുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കി അംഗീകരിക്കേണ്ടതുണ്ട്. പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെ കാണിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

1.മാലിന്യസംഭരണവും സംസ്കരണവുമായി ബന്ധപ്പെട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനം വികസന ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാനുള്ള നിശ്ചിത ആറ് മാസകാലയളവിന് ശേഷവും തടസ്സമില്ലാതെ നടക്കുന്നതിന് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന യൂസർ ഫീ പര്യാപ്തമാകുമോയെന്ന പരിശോധന വാർഡ് തല സർവ്വേയിലൂടെ തയ്യാറാക്കുന്ന മാലിന്യ സംസ്കരണ പരിപാടിയുടെ രൂപരേഖയുടെ അടിസ്ഥാനത്തിൽ വിലയിരുത്താൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടിവ് വൈസ് ചെയർപേഴ്സന്റെ എച്ച്.കെ.എം/ എ2/ 625/18 തീയതി 27.03.2018 പ്രകാരം ഹരിത കർമ്മസേനക്ക് ആവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിനായി മങ്കട ബ്ലോക്കിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്കായി തെരഞ്ഞെടുത്ത ഓർജിൻസ് അഗ്രികൾചറൽ ഇന്നോവേഷൻസ് വറ്റല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ട സാങ്കേതിക സഹായം സംബന്ധിച്ചും കൃത്യമായ ധാരണ ഉണ്ടാക്കേണ്ടതാണ്.

2.കുടിവെള്ളം,ശുചിത്വമായി ബന്ധപ്പെട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ മാലിന്യങ്ങൾ ശാസ്ത്രീയമായി സംഭരിച്ച്

സംസ്കരിക്കുന്നതിൽ സ്വീകരിക്കേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 07.12.2017 ലെ യോഗത്തിൽ മാലിന്യ മുക്ത പുഴക്കാട്ടിരിയെന്ന പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് അവലോകനം ചെയ്യുന്നുണ്ടെങ്കിലും അതിന്റെ ഭാഗമായുള്ള ഭൂമി വാങ്ങൽ നടപ്പിലാകാതെ പോകുന്നതിന്റെ കാരണം പരിശോധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി തുടർച്ചയായി വിലയിരുത്തേണ്ടതും പ്രവർത്തനം മെച്ചപ്പെടുത്താൻ ഭരണസമിതിക്ക് പ്രായോഗിക നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

3.പ്രോജക്ട് 194/18 അജൈവമാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനത്തിന്റെ ഭാഗമായി നിറവ് സീറോവേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്തുമായുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൻ തുക അനുവദിച്ചപ്പോൾ (ബിൽ നമ്പർ 8/21.03.18, ബിൽ നമ്പർ 14/20.03.18, ബിൽ നമ്പർ 18/26.03.18) 669800 രൂപ അനുവദിച്ചപ്പോൾ നിയമപരമായുള്ള 2% വരുമാന നികുതി ഈടാക്കിയിട്ടില്ല. വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിൽ സ്ഥാപനത്തിൽ നിന്നും അർഹമായ നികുതി തിരിച്ച് പിടിച്ച് കേന്ദ്ര ഫണ്ടിലേക്ക് അടവാക്കേണ്ടതും വിവരം അറിയിക്കേണ്ടതാമാണ്.

## 3-11 പ്രോജക്ട് അടങ്കലിൽ കൂടുതൽ തുക ചെലവഴിച്ചു

പ്രോജക്ട് : 211/2018 ഭവന പുനരുദ്ധാരണം ജനറൽ

നിർവ്വഹണോദ്യോഗസ്ഥൻ: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ : 1190000/-(വികസനഫണ്ട്- പൊതുവിഭാഗം)

മേൽ പ്രോജക്ടിൽ 61 ഗുണഭോക്താക്കൾക്ക് (60*20000+1*10000) താഴെ പറയുന്ന ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/തിയ്യതി | തുക |
|---|---|---|
| 1 | 02/17-18/13.11.2017 | 260000 |
| 2 | 03/17-18/16.12.2017 | 160000 |
| 3 | 05/17-18/31.01.2018 | 390000 |
| 4 | 12/17-18/15.03.2018 | 320000 |
| 5 | 17/17-18/24.03.2018 | 80000 |
| | | 1210000 |

പ്രോജക്ട് അടങ്കലിൽ കൂടുതൽ ചെലവഴിക്കാൻ ഇടയായ സാഹചര്യം വിശദമാക്കേണ്ടതാണ്. മേൽ അപാകത വാർഷിക റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

## 3-12 പരിരക്ഷ പദ്ധതി മരുന്ന് മുഴുവൻ ലഭ്യമായില്ല

2017-18 -ൽ പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം KMSCL -ന് തുക നല്കിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | പ്രോജെക്ട് | നല്കിയ തുക | മരുന്ന് ലഭ്യമായത് | കുറവ് | Proforma Invoice No. |
|---|---|---|---|---|---|
| 1 | പരിരക്ഷ പദ്ധതിക്ക് മരുന്ന്<br>(പ്രൊജക്ട് നം./2018) | 405725<br>ബിൽ നം.5/31.10.2017<br>154195<br>(ബ്ളോക്ക് വിഹിതം) | 210949<br>-<br>- | 194776<br>91845<br>62350 | 1416/19.10.17<br>4636/1.318<br>1607/1.3.18 |

ആകെ 348971

മരുന്ന് മുഴുവൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലഭ്യമാകുന്നത് വരെ തുക തടസ്സം ചെയ്യുന്നു.

## 3-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയുള്ള റോഡ് കോൺക്രീറ്റ്

## പ്രവൃത്തികൾ - ഗ്രാമ പഞ്ചായത്തിന് വൻ തുകയുടെ ലാഭം

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ 8 റോഡ്/പാത്‌വേ കോൺക്രീറ്റ് പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കരാറുകാർ/ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന ഇത്തരം പ്രവൃത്തികളേക്കാൾ വളരെ ചെലവ് കുറച്ച് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കാൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന കഴിയുന്നുണ്ട്.

NREGS വിഭാഗം മരാമത്ത് പ്രവൃത്തികൾക്കുള്ള് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 'Secure' എന്ന software മുഖേനയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന 'Price' software ലെ നിരക്കിനേക്കാൾ താരതമ്യേന കുറഞ്ഞ നിരക്കായതിനാലാണ് ഇപ്രകാരം കുറഞ്ഞ തുകക്ക് MGNREGS വിഭാഗത്തിന് പ്രവൃത്തി ചെയ്യാൻ കഴിയുന്നത്.

റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് വേണ്ടി വരുന്ന പ്രധാന ഇനങ്ങളും അവയുടെ നിരക്ക് വ്യത്യാസവും ചുവടെ ചേർക്കുന്നു.

| ഇനം | കരാറുകാർ മുഖേന | NREGS മുഖേന | 1 $m^3$ അധികം |
|---|---|---|---|
| ക്വാറിമക്ക് നിരത്തൽ | 892.40/cum | 411.48/cum | 480.92 |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:4:8 സിമന്റ് കോൺക്രീറ്റ് | 6278.37/cum | 4609.36/cum | 1669.01 |
| 20Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 7685.69/cum | 5809.98/cum | 1875.71 |

കരാറുകാർ മുഖേന (എസ്റ്റിമേറ്റ് നിരക്ക്) ചെയ്ത ഒരു പ്രവൃത്തിക്ക് നൽകിയ തുകയും അതേ പ്രവൃത്തി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുകയുടെ വ്യത്യാസവും ചുവടെ ചേർക്കുന്നു.

പ്രവൃത്തി:- ഉരുണിയൻ റോഡ് കോൺക്രീറ്റിങ് (62/18)

നീളം. 47.3 M

| ഇനം | അളവ് | നൽകിയ തുക | MGNREGS നിരക്ക് പ്രകാരം തുക | വ്യത്യാസം |
|---|---|---|---|---|
| ക്വാറിമക്ക് നിരത്തൽ | 11.14m3 | 9941 @892..40 | 4584 @411.48 | 5357 |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:4:8 സിമന്റ് കോൺക്രീറ്റ് | 8.901m3 | 55884 @6278.37 | 41028 @4609.36 | 14856 |
| 20Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 8.901m3 | 68410 @7685.69 | 51715 @5809.98 | 16695 |
| | | | | 36908 |

നടപ്പാതകളും ചെറിയ ഇടവഴികളും NREGS മുഖേന നിർവ്വഹിച്ചാലുണ്ടാകുന്ന ലാഭം മേൽ കാണിച്ച താരതമ്യത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ തൊഴിലുറപ്പ മേഖലയിൽ അധികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും , ഗ്രാമീണ ജനതയുടെ സാമ്പത്തിക ഉന്നമനവും ഇത് വഴി സാധിക്കും.

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ നടപ്പിലാക്കിയതിൽ 22 പ്രവൃത്തികൾ റോഡ് കോൺക്രീറ്റ് പ്രവൃത്തികളായിരുന്നു. അവയിൽ ഭൂരിഭാഗവും എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാർ ചെയ്തിട്ടുള്ളത്.

കോൺക്രീറ്റ് പ്രവൃത്തികൾ ഓരോ വർഷവും വർദ്ധിച്ച് വരുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കാൻ ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-14 മുൻകൂർ നൽകിയത് - ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ നിർവ്വഹിക്കുന്ന വിവിധ പ്രവൃത്തികൾക്ക് വേണ്ടി മെറ്റീരിയൽസ് വാങ്ങിയ വകയിൽ ചുവടെ കാണും പ്രകാരം 1678451 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളൊന്നും തന്നെ ഓഡിറ്റ് വർഷം പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും ഓരോ പ്രവൃത്തിക്കും വിതരണം ചെയ്ത മെറ്റീരിയൽ വില ക്രമീകരിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | മെറ്റീരിയൽ വില |
|---|---|
| 16 വാർഡുകളിലെ കിണർ റീ ചാർജ്ജിങ് | 544624 |
| NADEP കംപോസ്റ്റ് 17 വാർഡുകളിലേക്ക് | 430644.35 |
| കിണറിന് ആൾമറ 20 പേർക്ക് | 391768 |
| കളി സ്ഥലം 2 | 294270.23 |
| കക്കൂസ് 1 | 6554.42 |
| നഴ്സറി 1 | 10590 |
| ആകെ | 1678451 |

ഓഡിറ്റ് എൻക്വയറി 7 /18.12.2018 നൽകിയതിന്, നിലവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും ബിൽ നൽകിയതിന് ശേഷം ക്രമീകരണ വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. -

## 3-15 MGNREGS പ്രവൃത്തികൾ - അപാകതകൾ

MGNREGS മുഖേന നിർവ്വഹിച്ച കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള തോട് സംരക്ഷണ പ്രവൃത്തികളും, റോഡ് കോൺക്രീറ്റ് പ്രവൃത്തികളും അക്രഡിറ്റഡ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 18.12.2018 തീയ്യതി നേരിൽ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ചുവടെ കാണിച്ച അപാകതകൾ ശ്രദ്ധയിൽപെട്ടു.

| പ്രവൃത്തി | കുറിപ്പ് |
|---|---|
| ആശാരി പടി തോട് പുനരുദ്ധാരണം<br><br>ആകെ മൂല്യ നിർണ്ണയം 208852 | 1. കയർ ഭൂവസ്ത്രം പലഭാഗങ്ങളിലും ചിതൽ പിടിച്ചും, ദ്രവിച്ചും നശിച്ച് പോയിരിക്കുന്നു.<br><br>2. പ്രവൃത്തിയുടെ ഇനം 5,6 എന്നിവ പ്രകാരം കയർ ഭൂവസ്ത്രം വിരിച്ചതിന് മുകളിൽ പ്രാദേശികമായി ലഭ്യമായ ചെടികൾ (locally available Shrubs) വെച്ച് പിടിപ്പിച്ചതിന് 40122 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്വാഭാവികമായി മുളച്ച് വരുന്ന പുല്ലുകളും ചെടികളുമല്ലാതെ അപ്രകാരം പ്രത്യേകം നട്ട് പിടിപ്പിച്ച ചെടികൾ പരിശോധന വേളയിൽ കണ്ടില്ല.<br><br>അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം കയർ ഭൂവസ്ത്രം, കൂടുതൽ ഉറപ്പിന് വേണ്ടി തോടിന്റെ കരയിലേക്കും മണ്ണിന് അടിയിലേക്കും കയറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ അത്രയും ഏരിയയിൽ മേൽ പറഞ്ഞ പ്രകാരം ചെടികളും സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജനങ്ങൾ വഴി നടക്കുന്ന ഭാഗത്തും മണ്ണിനടിയിലും ചെടികൾ വെച്ച് പിടിപ്പിച്ചത് ആവശ്യമില്ലാത്തതാണ്.<br><br>3.പ്രവൃത്തിയുടെ Name board പ്രവൃത്തി സ്ഥലത്ത് കണ്ടില്ല. |

| | |
|---|---|
| | അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 5000 രൂപ വിലയുണ്ട് പ്രസ്തുത ബോർഡിന്. |
| കുതിരപ്പാലം മുതൽ മേലേപുറത്ത് പടി വരെ തോട് പുനരുദ്ധാരണം<br>ആകെ മൂല്യ നിർണ്ണയം 490705 | 1.പ്രവൃത്തിയുടെ ഇനം 5,6 എന്നിവ പ്രകാരം കയർ ഭ്രവസ്ത്രം വിരിച്ചതിന് മുകളിൽ പ്രാദേശികമായി ലഭ്യമായ ചെടികൾ (locally available Shrubs) വെച്ച് പിടിപ്പിച്ചതിന് 102168 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്വാഭാവികമായി മുളച്ച് വരുന്ന പുല്ലുകളും ചെടികളുമല്ലാതെ അപ്രകാരം പ്രത്യേകം നട്ട് പിടിപ്പിച്ച ചെടികൾ പരിശോധന വേളയിൽ കണ്ടില്ല.<br>3.പ്രവൃത്തിയുടെ Name board പ്രവൃത്തി സ്ഥലത്ത് പൊട്ടി പൊളിഞ്ഞ് നശിച്ച് പോയിരിക്കുന്നു. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 5000 രൂപ വിലയുണ്ട് പ്രസ്തുത ബോർഡിന്. |
| പാരിരമണ്ണ സ്കൂൾ പടി ഉണ്ണ്യാൽപടി റോഡ് കോൺക്രീറ്റ് | പ്രവൃത്തിയുടെ Name board സ്വകാര്യ വ്യക്തിയുടെ വീട്ട് വളപ്പിൽ സൂക്ഷിച്ചതായി കാണുന്നു.അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 5000 രൂപ വിലയുണ്ട് പ്രസ്തുത ബോർഡിന്. |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 16/19.12.2018നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. ചെടികളും ,വൃക്ഷതൈകളും വെച്ച് പിടിപ്പിച്ചിരുന്നത് വേനലിൽ ഉണങ്ങി പോയതാണ്.

2. Name board പ്രളയത്തിൽ നശിച്ച് പോയതാണ്.

മറുപടി പരിഗണിച്ച് ചുവടെ കാണിച്ച അഭിപ്രായം അറിയിക്കുന്നു.

ചെടികളും ,വൃക്ഷതൈകളും വെച്ച് പിടിപ്പിച്ചിരുന്നത് വേനലിൽ ഉണങ്ങി പോയതാണ് എന്ന മറുപടി സ്വീകരിക്കുന്നു. എന്നാൽ പരിശോധന വേളയിൽ കയർ ഭ്ര വസ്ത്രം വിരിച്ച ഭാഗങ്ങളിൽ സ്വാഭാവികമായി മുളച്ച് വന്ന ചെടികളും മറ്റും കാണുകയുണ്ടായി. ആയതിനാൽ തുടർ വർഷങ്ങളിൽ ഇത്തരം പ്രൊജക്ടുകൾ നിർവ്വഹിക്കുന്നുണ്ടെങ്കിൽ ചെടികളും വൃക്ഷ തൈകളും വെച്ച് പിടിപ്പിക്കുന്ന ഇനം ഒഴിവാക്കേണ്ടതാണ്.

Name board സുരക്ഷിതമായി സ്ഥാപിക്കാൻ ശ്രദ്ധിക്കേണ്ടതും ബോർഡ് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ടെണ്ടർ നടപടികൾ സ്വീകരിച്ച് പരമാവധി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച് ഫണ്ട് വിനിയോഗം

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,50,000 | 36/18 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | 66/18 ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2,12,500 | 21/18 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 2,12,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | 73/18 പരിരക്ഷ പദ്ധതി | 2,79,760 | 20,240 |
| ജില്ലാ പഞ്ചായത്ത് | 2,12,500 | 21/18 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 2,12,500 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1,00,000 | 66/18 ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 3,00,000 | 36/18 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 3,00,000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 214/18 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21700815/25.08.2017 | 1170000 | ഇല്ല | ഇല്ല | ലഭ്യമല്ല |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 215/18സമ്പൂർണ്ണ വൈദ്യുതീകരണത്തിന് തുക അടവാക്കൽ | 21700814/25.08.2017 | 400000 | ഇല്ല | ഇല്ല | ലഭ്യമല്ല |
| കേരള വാട്ടർ അതോറിറ്റി | 47/18 പട്ടികജാതി കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21700842/28.09.2017 | 615250 | ഇല്ല | ഇല്ല | ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| | | 32271 | എ ഇ എൽ എസ് ജി ഡി | 11701050000224/24.04.2017 |

(വാർഷിക കണക്കു പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 32271/- രൂപ വരവുണ്ടെങ്കിലും ആയത് ഓഡിറ്റ് റിക്കവറി ആയി അടവാക്കിയതല്ല. തുക ഹെഡ് മാറി റസീറ്റ് ചെയ്യതാണ്.)

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡികനം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം /ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15 | 2016-17 | 1. ഖണ്ഡിക-2(2) സ്ഥാപന തൊഴിൽ നികുതി ഒടുക്കിയില്ല | നടപടി തുടരുന്നു. |

| | | | |
|---|---|---|---|
| | | 2.ഖണ്ഡിക-2(3) സ്ഥലം മാറിപ്പോകുന്ന ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല. | -ടി- |
| | | 3.ഖണ്ഡിക-2(5) ശമ്പളം തടഞ്ഞതിനാൽ നികുതി ഒടുക്കിയില്ല. | -ടി- |
| | | 4.ഖണ്ഡിക-2(6) തൊഴിൽ നികുതി :പൊതു അപാകതകൾ . | -ടി- |
| 2015-16 | | 4.ഖണ്ഡിക-2(4)തൊഴിൽ നികുതി പിരിവ് അപാകതകൾ | -ടി- |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2004-05 2005-06 | 3(10) | ശ്രീ മോഹനൻ നായർ | LF 5425/ Spl.cell/SC5/10 22.07.2011 | 21596/- | തുക അടച്ച രസീത് നം. 27923/71 | -- | -- | -- | 12994 | 0 |
| 2 | 2002-03 | 3-22 | ശ്രീകെ.എം.കുഞ്ഞി മൊയ്തീൻ | LF 5455/ Spl.cell/SC5/2010 3.5.12 LF 2993/ Spl.cell/SC5/04/ 26-08-04 | 921 | 921(Rt. 33676/ 43/dated 31-1-2011 | -- | 0 | -- | 0 | 0 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58795537 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67393422 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8704 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,60,127 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 (2) | 8704 | ശ്രീമതി നസീമ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 8704 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 526000 | ശ്രീമതി നസീമ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-5(ഭാഗികം) | 50000 | ശ്രീ ശ്രീകാന്ത് പി എസ്, സെക്രട്ടറി |
| 3-5(ഭാഗികം) | 10000 | ശ്രീ. അബു ഫൈസൽ, സെക്രട്ടറി |
| 3-6 (ഭാഗികം) | 2693156 | ശ്രീ ശ്രീകാന്ത് പി എസ്, സെക്രട്ടറി |
| 3-6 (ഭാഗികം) | 20000 | ശ്രീ. രാജേഷ് ആർ , അസി. സെക്രട്ടറി |
| 3-6 (ഭാഗികം) | 12000 | ശ്രീ. അബു ഫൈസൽ , സെക്രട്ടറി |
| 3-12 | 348971 | ഡോ. ഷിഹാബുദ്ദീൻ,മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| ആകെ | 36,60,127 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല
(എഫ്)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി നസീമ.കെ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, | കൊളക്കാട്ടിൽ ഹൗസ്,<br>ചെമ്മംകടവ്,<br>കോഡൂർ (പി ഒ)<br>മലപ്പുറം ജില്ല 676505 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽഎഫ്.എം.14/3252 /16/28.10.16 | 1 |
| 1997-98 | എൽ.എഫ്.എം. 14 /348/01 /14.02.11 | 29 |
| 1998-99 | എൽ.എഫ്.എം.14 / 746/03 /14.02.11 | 16 |
| 1999-00 | എൽ.എഫ്.എം.15/1580 /06/14.02.11 | 12 |
| 2000-01 | എൽ.എഫ്.എം.12/ 1530/06 /14.02.11 | 03 |
| 2001-02 | എൽ.എഫ്.എം.12/ 2162/07 /14.02.11 | 17 |
| 1999-00മുതൽ 2001-02 (ചെലവ്) | എൽ.എഫ്.എം. 12 / 931/04 /14.02.11 | 07 |
| 2002-03 | എൽ.എഫ്.എം. 12 /69/ 08/14.02.11 | 24 |
| 2003-04 | എൽ.എഫ്.എം.12/ 70/08/14.02.11 | 19 |
| 2004-05 | എൽ.എഫ്.എം.12/71/ 08 /14.02.11 | 30 |
| 2005-06 | എൽ.എഫ്.എം.12/ 1169/08 /14.02.11 | 28 |
| 2006-07 | എൽ.എഫ്.എം.12/1170 /08/14.02.11 | 17 |
| 2007-08 | എൽ.എഫ്.എം14./ 2473/13 /20.06.14 | 06 |
| 2008-09 | എൽ.എഫ്.എം.14/2474 /13/20.06.14 | 10 |
| 2009-10 | എൽ.എഫ്.എം14./ 2475/13/ 20.06.14 | 09 |
| 2010-11 | എൽ.എഫ്.എം. 14 /204 /14/ 07.02.14 | 15 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.14 /1553/2015തി.11.12.16 | 9 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം/14 /2011/2016 തി.3.8.2016 | 12 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം/14 /3025/2016 തി.28.01.2017 | 18 |
| 2016-17 | കെ.എസ്.എ.എം.പി.എം/22 /1828/2017 തി.02.11.2017 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.9/1262/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ:dompm.ksad@kerala.gov.in

തീയ്യതി 04-07-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്